പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 68

10/02/2016 -ൽ മറുപടിയ്ക്ക്

## ആരാധനാലയങ്ങളുടെ സ്ഥലം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി.<br>ശ്രീ. എം.എ. ബേബി.<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ.<br>ശ്രീ. ജി. സുധാകരൻ. | ശ്രീ. വി.എസ്. ശിവകുമാർ,<br>ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി. |
| എ) കേരളത്തിലെ ക്ഷേത്രങ്ങളുടെ സ്ഥലം സർക്കാർ കൈയടക്കി വെച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | എ) ഇല്ല. |
| ബി) സർക്കാർ ഒരു വിഭാഗത്തിന്റെ മാത്രം ആരാധനാലയങ്ങൾ ഏറ്റെടുക്കുകയും സ്വത്ത് കൈക്കലാക്കുകയും ചെയ്യുന്നുണ്ടെന്ന ആക്ഷേപത്തിന്റെ നിജസ്ഥിതി വെളിപ്പെടുത്താമോ; | ബി) സർക്കാർ ആരാധനാലയങ്ങളുടെ സ്ഥലങ്ങൾ ഏറ്റെടുക്കുകയോ സ്വത്ത് കൈക്കലാക്കുകയോ ചെയ്യുന്നില്ല. |
| സി) ആരാധനാലയങ്ങളുടെ പരിസരത്ത് മറ്റ് മതവിശ്വാസികളെ കച്ചവടം ചെയ്യാൻ അനുവദിക്കില്ലെന്ന ചില സംഘടനകളുടെ നിലപാടിനോട് സർക്കാർ എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ; | സി) ക്ഷേത്രങ്ങളുടെ പരിസരങ്ങളിലുള്ള കച്ചവടസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ ആരെങ്കിലും ഏർപ്പെടുത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ദേവസ്വങ്ങളുടെ സ്ഥലത്ത് കച്ചവടസ്ഥാപനങ്ങൾ നടത്തുന്നതിന് അനുമതി നൽകുന്നത് അതാത് ദേവസ്വങ്ങളും ദേവസ്വം ബോർഡുകളുമാണ്. |
| ഡി) പ്രധാന ആരാധനാലയങ്ങളുടെ പരിസരത്ത് മറ്റു മതവിശ്വാസികൾ നുഴഞ്ഞു കയറുന്നുണ്ടെന്ന കാര്യം പരിശോധിച്ചിരുന്നോ; എങ്കിൽ വിശദാംശം അറിയിക്കാമോ; | ഡി) ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഇ) ആരാധനാലയങ്ങളുടെ സ്ഥലം വർഗ്ഗീയ ശക്തികൾ വിഭാഗീയ പ്രവർത്തനങ്ങൾക്കായി വ്യാപകമായി ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു തടയാൻ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ? | ഇ) സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ